**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1058** **18-09-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാന ആക്രമണം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാട്ടാന ആക്രമണം രൂക്ഷമായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വനത്തോട് ചേർന്നുള്ള ജനവാസ മേഖലകളിൽ ചില സ്ഥലങ്ങളിൽ കാട്ടാനകളുടെ സാന്നിദ്ധ്യവും തന്മൂലമുള്ള സംഘർഷവും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാലക്കാട് മുണ്ടൂരിൽ വീടിന് മുറ്റത്തേക്ക് ഇറങ്ങിയ വ്യക്തിയെ കാട്ടാന ചവിട്ടി കൊന്നത് അടക്കം നിരവധി പേർ കാട്ടാന ആക്രമണങ്ങളിൽ കൊല്ലപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; പാലക്കാട് ഡിവിഷനിലെ മുണ്ടൂരിൽ വനത്തിൽ നിന്നും 150 മീറ്റർ മാത്രം അകലത്തിൽ സ്ഥിതി ചെയ്യുന്ന വീടിന് മുറ്റത്തേക്ക് അർദ്ധരാത്രിയിൽ ഇറങ്ങിയ കുമാരൻ എന്ന വ്യക്തിയെ വനാതിർത്തിയിൽ എത്തിയ കാട്ടാന ചവിട്ടിക്കൊന്ന സംഭവം റിപ്പോർട്ട് ചെയ്യുകയും അടിയന്തിര സാമ്പത്തിക സഹായമായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. ഇത്തരം സംഭവങ്ങൾ ഗൗരവമായി എടുത്തിട്ടുള്ളതും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. |
| (സി) | സംസ്ഥാനത്ത് കാട്ടാനയുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് മനുഷ്യ-കാട്ടാന സംഘർഷം ലഘൂകരിക്കുന്നതിനായി വനാതിർത്തികളിൽ സോളാർ ഫെൻസിംഗ്, ഹാംഗിങ്ങ് സോളാർ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ്, റെയിൽ ഫെൻസിംഗ് തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നു. കൂടാതെ സംസ്ഥാനത്ത് ദ്രുത കർമ്മ സേനയും (RRT), സന്നദ്ധ പ്രാഥമിക പ്രതികരണ സേനയും (PRT) 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. വനാതിർത്തികളിൽ വന്യജീവികളുടെ സാന്നിദ്ധ്യം സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിന് പ്രദേശവാസികൾ ഉൾപ്പെടുന്ന വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ |

| | | | |
|---|---|---|---|
| | | | ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു. ജനവാസ മേഖലയോട്ടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർക്ക് ടി സ്ഥലങ്ങളിലെ കളകളും, അടിക്കാട്ടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ വനാതിർത്തികളിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിംഗുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന തീവ്രയജ്ഞ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ 2025 ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെ 1950 കി.മീറ്റർ സോളാർ ഫെൻസിംഗ് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചിട്ടുണ്ട്. കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |

സെക്ഷൻ ഓഫീസർ